From സന്തോഷം joy, സന്തോഷിതൻ a joyful man, സന്തോഷമുള്ള joyful, സന്തോഷമില്ലാത്ത joyless, സന്തോഷിക്കുന്നു rejoice, സന്തോഷിപ്പിക്കുന്നു occasion joy, സന്തോഷമില്ലായ്മ joylessness, സന്തോഷത്തൊടുകൂടയുള്ള connected with joy, സന്തോഷത്തൊടുകൂടാത്ത without joy.

From രക്ഷണം preservation, രക്ഷിതാവ a preserver, രക്ഷിക്കുന്നു preserve, രക്ഷിപ്പിക്കുന്നു procure protection.

In like manner innumerable words are formed, conveying variations of meaning of which the context will be the best interpreter.

The most common particles prefixed are അ, അതി, അനു, ദുർ, നിർ and പ്രതി.

അ is sometimes intensive, but more frequently privative, and negative.

EXAMPLES.

അക്ഷയം	incorruption	അജ്ഞൻ	a fool
അദൃശ്യൻ	the invisible	അനന്തം	endlessness
അനാഥൻ	destitute of a leader	അനിത്യം	uncertain
അനിഷ്ട	not beloved	അപ്രിയം	unkindness
അനേകം	not one, many	അപവാദം	ill report
അബലം	weakness	അഭയം	fearlessness
അരോഗ്യം	health	അവ്യാജം	truth
അവിദ്വാൻ	unlearned	അവിശ്വാസം	unbelief
അശുചി	unclean	അശുദ്ധ	unholy
അസത്യ	untrue	അസേവ	disrespect or disservice
അസുന്ദരം	ugliness	അസ്ഥിരം	instability

അപകാരം an injury, the reverse of ഉപകാരം a benefit.

അപമാനം disgrace, the reverse of ബഹുമാനം honor.

അതി intensive.

EXAMPLES.

അത്യാഗ്രഹം	longing	അതിഭയം	dread
അതിഭാരം	a great load	അതിലോഭം	covetousness

അനു signifying again, in return, also after, not dissimilar to *re* in latin for *retro* and *rursum.*

EXAMPLES.

അനുഗതൻ	a follower	അനുഗ്രഹം	a blessing

അനുജൻ a younger brother, literally born after.

അനുതാപം	repentance	അനുഭാവം	recurrence
അനുരക്തൻ	reciprocally loving	അനുരൂപം	resemblance
അനുവാദം	leave	അനുസരണം	obedience

ദുർ conveying an adversative and bad sense.

EXAMPLES.

ദുർഗന്ധം	an ill odour	ദുർബലം	weakness
ദുർമ്മര്യാദ	a bad custom	ദുരാഗ്രഹം	a wicked desire
ദുശ്ശീലൻ	ill disposed	ദുഷ്കീർത്തി	disgrace

ദുർജ്ജനം bad people, in contrast with സജ്ജനം good people.

നിർ conveying a negative sense.

EXAMPLES.

നിൎദ്ദോഷം innocence....................	നിൎദ്ധനൻ a poor man..................
നിൎഭയം fearlessness....................	നിരുത്തരം unanswerableness...........

പ്രതി conveying the sense of reciprocity.

EXAMPLES.

പ്രതിബിംബം reflection....................	പ്രത്യുത്തരം a reply....................

പ്രതിക്കാരൻ a defendant, responding to അന്യായക്കാരൻ a plaintiff.

The remaining pages are occupied with examples of different kinds of writing, rendered as literally, as possible, into English for the exercise of the student, in which he will find nearly if not quite, all the foregoing rules exemplified.

The first are specimens of proverbs or pithy sayings—the second consist of amusing tales—the third of extracts from the only history of the country, the fourth specimens of ordinary writing.

൧.

തങ്ങളുടെ ബലത്തെ അറിയാത്ത അഹങ്കാരമുള്ളജനങ്ങളുടെ പ്രവൃത്തികൾ അന്ധന്മാരുടെ എന്നപൊലെ അവസാനത്തിങ്കൽ വീഴ്ചയൊടുകൂടെ കാണ്കപ്പെടുന്നു.

1.

The works of proud people, ignorant of their own strength, are like those of the blind: they are discovered in the end by their failing.

൨.

മനഃപീഡ സന്തൊഷത്തെയും ശീതകാലം ശരൽകാലത്തെയും ആദിത്യൻ ഇരുട്ടിനെയും ഉപകാരത്തിന്റെ മറതി പുണ്യത്തെയും വിവെകം സജ്ജനങ്ങളുടെ ദുഃഖത്തെയും നീതി ആപത്തിനെയും ദുൎന്നീതി വൎദ്ധിക്കുന്ന ധനത്തെയും നശിപ്പിക്കുന്നു.

2.

Anguish of mind puts an end to pleasure; the cold season to the hot; the sun to darkness; forgetfulness of a favor to devotion; prudence to the sorrow of the good; honesty to trouble; dishonesty to increasing riches.

൩.

ദുൎജ്ജനത്തെ പഠിപ്പിച്ചാലും നല്ലശീലവാനാകയില്ല നായിന്റെ വാല നിവിൎക്കുന്നതിന്നായി ചികിത്സകളെ ചെയ്താലും നിവിരുകയില്ല എന്നപൊലെ.

3.

Although you teach the wicked, they will not be well disposed, as a dog's tail will not become straight, although you use applications to straighten it.

൪.

4.

The wind does not

ന്നില്ല വലുതായിട്ടുള്ള വൃക്ഷങ്ങളെ തന്നെ ബാധിക്കുന്ന അപ്രകാരം ബലവാൻ ബലവാനൊട തന്നെ ബലത്തെ കാണിക്കുന്നു.

൫.

ഇവനൊരുത്തന്ന ധനം ഉണ്ടായാൽ മദം ഉണ്ടാകുന്നില്ല—ഇവനൊരുത്തന്നസുഖം ഉണ്ടായാൽ ആപത്തുണ്ടാകുന്നില്ല—ഇവനൊരുത്തന്റെ മനസ്സിനെ സ്ത്രീകൾ ഇളക്കുന്നില്ല—ഇവനൊരുത്തൻ കൊപത്തിന്റെ വശനല്ല—യാചകന്മാൎക്ക ഗുരുത്വം ഇവിടെ—ഇവനൊരുത്തൻ ദുഷ്ടന്മാരുടെ കൂട്ടത്തിൽ കൂട്ടി സുഖത്തെ അനുഭവിച്ചു.

൬.

സ്ത്രീകളൊടുള്ള തൎക്കവും ഹെതുകൂടാതെ ഉള്ളചിരിയും ബാലന്മാരൊടുകൂടയുള്ളകളിയും ദുഷ്ടന്മാരുടെ സ്നെഹവും കഴുതപ്പുറത്തകയറി ഉള്ള നടത്തവും സൽക്കാരം കൂടാതെ ഉള്ള ഭക്ഷണവും ഇവ ആറും പുരുഷന്ന ഭംഗമാനത്തെക്കുറെക്കുന്നു.

൭.

ബാലനും വൃദ്ധനും രൊഗിയും കള്ളനും വൈദ്യനും രാജാവും വഴിപൊക്കനും നൃത്തം ചെയ്യുന്നസ്ത്രീയും ഇവരഎല്ലാവരും അന്യ ദുഃഖത്തെ അറിയുന്നില്ലതാന്താങ്ങളുടെ കാൎയ്യത്തെ പറയുന്നു.

൮.

ധീരന്മാര എല്ലാദുഃഖങ്ങളെയും സഹിക്കുന്നു കൃഷി നഷ്ടമായിപൊയാലും ഭാൎയ്യദുഷ്ടയായിരുന്നാലും പുത്രൻ അവിദ്വാനായിരുന്നാലും വയറ്റിൽ വെദന ഉണ്ടായിരുന്നാലും സഹിച്ചുകൂടാത്ത ദുഃഖങ്ങളാകുന്നു ഇവനാലും.

breaks the large trees:—so the strong man only displays his strength to the strong.

5.

Who, if he be rich is not proud? upon whom, if he be in comfort, does not misfortune fall? Whose resolution do not women shake? Who is not under the influence of anger? Where is respect for the needy? Who that keeps company with the wicked obtains ease.

6.

Disputing with women, laughing at nothing, playing with children, affection for the wicked, going about mounted on an ass, eating without being invited, these six things lessen a man's honor.

7.

The young, the old, the sick, the thief, the physician, the king, the traveller, the dancing girl; all these disregarding others, grief, talk only of their own affairs.

8.

Brave men endure all troubles, if however the crop of rice fail, if the wife be unfaithful, the son illiterate, or if he have a pain in the stomach: these are four intolerable griefs.

൯.

ഒരുവണ്ടു താമരപ്പൂവിലെ തെൻകുടിച്ചു മത്തനായിരിക്കുമ്പൊൾ രാത്രി വന്ന താമരപ്പൂവു കൂമ്പിപ്പൊയി—അപ്പൊൾ വിചാരിച്ചു—രാത്രിപൊകും. പകൽവരും. സൂര്യൻ ഉദിക്കും. എന്നാൽ താമര വികസിക്കും. അപ്പൊൾ ഞാൻ പുറത്തുപൊകും.—ഇപ്രകാരം വിചാരിച്ചതിൽതന്നെ ഇരുന്നപ്പൊൾ ഒരുകാട്ടാന വന്ന ആ താമരയെ പറിച്ചുതിന്നുകയുംചെയ്തു.

൧൦.

സമുദ്രത്തിന്റെ തരണത്തിങ്കൽ കപ്പലും. ഇരുട്ടിങ്കൽ ദീപവും. കാറ്റില്ലാത്തെടത്തിൽ ആലവട്ടവും. മദിച്ചിരിക്കുന്ന ആനയുടെ മദത്തെ അടക്കുന്നതിന്ന തൊട്ടിയും ഇപ്രകാരമുള്ള ഉപായങ്ങളെ ഭൂമിയിങ്കൽ ദൈവം ഉണ്ടാക്കി ദുഷ്ടന്മാരുടെ മനസ്സിന്റെ അടക്കത്തിങ്കൽ ദൈവം അശക്തനെന്നു ഞാൻ വിചാരിക്കുന്നു.

൧൧.

വിചാരിക്കാതെ ഒരു വ്യാപാരത്തെയും ചെയ്യരുത അവിവെകം ആപത്തിന്റെ സ്ഥാനമാകുന്നു വിചാരിച്ചു പ്രവൃത്തിക്കുന്നവന്റെ സമീപത്തിങ്കൽ സമ്പത്തുകൾ താങ്ങൾ തന്നെ വരുന്നു.

൧൨.

അർത്ഥംഇല്ലാത്തവനായും അല്പബുദ്ധിയായും ഇരിക്കുന്ന പുരുഷന്റെ വ്യാപാരങ്ങൾ ഒന്നും സ്ഥിരങ്ങളാകുന്നില്ല വെനൽകാലത്തിങ്കൽ അല്പസരസ്സുകൾഎന്നപൊലെ.

൧൩.

ദുഷ്ടന്മാരെ വിശ്വസിക്കരുത വിശ്വസിച്ചാൽ ചതിക്കും. പാമ്പിനെ എറെ കാലം ഇണക്കിയാലും കടിക്കും നിശ്ചയം.

9.

A bee satiated with the honey, which he had sucked from the flower of the water-lily, when night came, and the flower closed, thus reasoned: the night will pass, the day dawn, the sun rise, the lily open, then I shall get out—as thus he reasoned within it, a wild elephant came, and ate up the lily.

10.

God has provided on the earth such things as these, a ship for passing the sea; a light in the dark; a fan for a place void of a breeze; an iron goad to restrain the fury of an enraged elephant: I think God is powerless in restraining the will of the wicked.

11.

Do no work without thinking. Imprudence is the standing place of misfortune. Riches will of themselves come to him who labors with thinking.

12.

The works of the man, who is destitute of money and has little wit, have no stability; like shallow streams in the dry season.

13.

Trust not the wicked, if you do they will deceive. Although you be at peace with a snake for a long time, he will certainly bite.

൧൪.

സാമൎത്ഥ്യമുള്ള പുരുഷൻ വലുതായിട്ടും ചെറുതായിട്ടുമുള്ള വിദ്യാ ശാസ്ത്രങ്ങളിൽനിന്നും സാരത്തെ എടുക്കുന്നു വണ്ടു പുഷ്പങ്ങളിൽനിന്നു രസത്തെഎന്നപൊലെ.

14.

An able man extracts the essence even from all learned works, whether small or great; as the bee gets the sweetness from the flowers.

൧൫.

ദുഷ്ടന്റെ ചെവിയിൽ സജ്ജനങ്ങളുടെ വാക്ക കടക്കുന്നു എങ്കിൽ ഈച്ചയുടെമൂക്കിൽ വലിയ ആനകൾ കടക്കുന്നു.

15.

If the word of the good enters into the ear of the wicked; then large elephants enter into the nose of a fly.

൧൬.

വിഷം കൂട്ടിയിരിക്കുന്ന ഭക്ഷണത്തെയും ഇളകുന്ന പല്ലിനെയും ദുഷ്ടനായിരിക്കുന്ന മന്ത്രിയെയും നീക്കികളക തന്നെ സുഖം.

16.

To cast away poisoned food, a loose tooth and a wicked counsellor is itself comfort.

൧൭.

ദൂരത്തിൽനിന്ന തന്നെ കൈ ഉയൎത്തി ആലിംഗനം ചെയ്വാൻ താല്പൎയ്യപ്പെടുകയും അൎദ്ധാസനത്തെ കൊടുക്കയും കൃപയൊടകൂട നൊക്കുകയും ആദരവൊടകൂട നല്ല കഥകളെ ചൊദിക്കയും ഇപ്രകാരം പൊറമെ എറ്റവും മധുരത്തെ കാണിക്കയും ഉള്ളിൽ വിഷത്തെ മറച്ചുവെക്കയും ചതികളിൽ എറ്റവും സാമൎത്ഥ്യവും ദുഷ്ടന്മാൎക്ക ഉണ്ടായിരിക്കും.

17.

The wicked are very skilful in deceivings: they outwardly show great affection, by standing at a distance, by holding up the hand, by eagerness to embrace, by offering half the seat, by looking tenderly, by respectful enquiries after good news, but inwardly they conceal poison.

൧൮.

സഹായമില്ലാത്തവന്ന കാൎയ്യം സാധിക്കുന്നില്ല ഉമിയൊടകൂടാതെ അരി മുളക്കുന്നില്ല എന്ന പൊലെ.

18.

Business does not succeed to a man without help, as rice does not shoot forth without the husk.

൧൯.

ബുദ്ധിയില്ലാത്തവനൊടകൂടയുള്ള സംസൎഗ്ഗം ബഹുമാനമില്ലാതെയാവാൻ കാരണം ആകുന്നു ഇരിമ്പ ഘനമുള്ളതെങ്കിലും ഉണക്ക ചുരങ്ങാന്റെ അകത്തിട്ടച്ചു വെള്ളത്തിൽ വെച്ചാൽ പൊങ്ങുന്നു.

19.

Intercourse with a man void of understanding causes a destruction of reputation: iron, although it be heavy, if it be enclosed in a dry pumpkin and placed on the water, floats.

൨൦.

സമുദ്രത്തിന്ന വൎഷവും തൃപ്തന്ന ഭക്ഷണവും ധനമുള്ളവന്ന ദാനവും പഴുതെ ആകുന്നു.

൨൧.

സന്തുഷ്ടമനസ്സായിരിക്കുന്ന പുരുഷന്ന എല്ലാടവും സമ്പത്ത തന്നെ ചെരിപ്പിട്ടനടക്കുന്നവന ഭൂമിയെന്നപൊലെ.

൨൨.

കുട്ടികളില്ലാത്തഭവനവും ബന്ധുക്കളില്ലാത്തദെശവും മൂഢന്റെ ഹൃദയവും സുഖമില്ലാത്തതാകുന്നു ദരിദ്രന്ന ഒരെടത്തും സുഖം ഇല്ല.

൨൩.

കൊപത്താൽ സജ്ജനങ്ങളുടെ മനസ്സ ദൊഷപ്പെടുകവാൻ കഴികയില്ല പുല്ലിന്റെ ചുക്കാനം കൊണ്ടു സമുദ്രത്തെ കടക്കുവാൻ കഴിയുന്നില്ല.

൨൪.

രാജാവ നല്ല മൎയ്യാദയൊടകൂടെ രാജ്യത്തെ രക്ഷിക്കുമ്പൊൾ കാലത്തിങ്കൽ വൎഷം ഉണ്ടാകയും വൃക്ഷങ്ങൾ വളര ഫലത്തൊടകൂടെ ഇരിക്കയും ഭൂമി വളരെ സമ്പത്തുകളെ കൊണ്ടു നിറഞ്ഞിരിക്കയും ചെയ്യുന്നു.

൨൫.

ഉണങ്ങിയ വിറകിൽ അഗ്നിയും മൂഢന്മാരിൽ കൊപവും ചപലന്മാരിൽ ദൊഷങ്ങളും സ്ത്രീകളിൽ കാമവും സമൎത്ഥന്മാരിൽ ധനവും കൃപയുള്ളവരിൽ ധൎമ്മവും മഹിമാന്മാരിൽ ധൈൎയ്യവും വളരെ ആകുന്നു.

20.

Rain to the sea, food to the full, and a gift to the rich, is useless.

21.

Fortune is every where with the man of a contented mind: like the ground to him that walks in shoes.

22.

A house without children, a country without friends and the heart of a fool are joyless; there is joy no where to the poor.

23.

The mind of the good cannot be defiled by anger. You cannot pass over the sea with a straw paddle.

24.

When a king preserves his kingdom by good customs, rain falls in season, the trees abound with fruit, and the land is filled with good in abundance.

25.

There is much fire in a dry faggot, much anger in the wicked, many faults in the unsteady, much love in women, much wealth in the clever, much charity in the compassionate, much courage in the great.

൨൬.

സുഖങ്ങൾ മെഘവിതാനത്തിൽ ഇരിക്കുന്ന മിന്നൽപിണരഎന്നപൊലെ സ്ഥിരമില്ലാത്തവയാകുന്നു ആയുസ്സ തീകൊണ്ടു വളര ചൂട പിടിച്ച ഇരിമ്പിന്മെൽ വീണ ജലബിന്ദുവപൊലെ ആകുന്നു.

26.

Enjoyments are fleeting as the flash of lightening on the clouds. Life is like a drop of water let fall on red hot iron.

൨൭.

തൊൾവളകളും ചന്ദ്രനെപൊലെ ശൊഭിക്കുന്ന മുത്തമാലകളും കുളിയും അനുലെപനവും പുഷ്പങ്ങളെക്കൊണ്ടു അലങ്കരിച്ചിട്ടുള്ള കെശങ്ങളും ഇവയൊന്നും പുരുഷനെ ശൊഭിപ്പിക്കുന്നില്ല വാക്കതന്നെ ശൊഭിപ്പിക്കുന്നു അതുകൊണ്ടു മറ്റുള്ള അലങ്കാരങ്ങളെക്കാൾ വാക്കാകുന്ന അലങ്കാരം ശ്രെഷ്ഠമാകുന്നു.

27.

Armlets, pearl necklaces, brilliant as the moon, bathings, sweet scented oils, ringlets adorned with flowers, none of these ornament the man—speech alone does it, therefore the ornament of language excels other ornaments.

൨൮.

ശബ്ദശാസ്ത്രത്തെ പാഠം ചെയ്യാതെകണ്ടു വിദ്വാൻ സഭയിൽ വാക്കിനെ പറയുവാൻ ആഗ്രഹിക്കുന്നവൻ മദിച്ചിരിക്കുന്ന കാട്ടാനയെ താമരനൂലുകൊണ്ടു കെട്ടുവാൻ ആഗ്രഹിക്കുന്നു.

28.

The learned man, who desires to speak in the council without having learned the art of eloquence, would bind an enraged wild elephant with the fibres of the water-lily.

൨൯.

പൂച്ചയും പൊത്തും ആടും കാകനും അറിയാത്ത പുരുഷനും ഇവരെല്ലാം വിശ്വസിപ്പാൻ മതിയെങ്കിലും അവരിൽ വിശ്വാസം ചെയ്യുമല്ല.

29.

A cat, a buffalo, a sheep, a crow, a bad man, in all these although you wish to trust, yet no confidence ought to be put in them.

൩൦.

സജ്ജനങ്ങളുടെ ആപത്തുകളെ നീക്കുവാൻ സജ്ജനങ്ങൾ തന്നെ കഴിയുന്നവരാകുന്നു ചെറ്റിൽ പെട്ട ആനകളെ വിടുവിപ്പാൻ കഴിയുന്നവ ആനകൾ തന്നെ.

30.

Good men can alone remove the misfortunes of the good: elephants can alone extricate elephants from the swamp in which they stick.

൩൧.

അപഹരിപ്പാൻകൂടായ്കകൊണ്ടും ശ്രേഷ്ഠത്വംകൊണ്ടും നാശമില്ലായ്കകൊണ്ടും എല്ലാവസ്തുക്കളിൽ വെച്ചും നല്ലവസ്തു വിദ്യതന്നെ എന്നചൊല്ലുന്നു.

31.

They say, that of all goods learning alone is the real good, because it can not be abstracted, because of its intrinsic excellence, and because of its imperishability.

൩൨.

ആയുധവിദ്യഎന്നും ശാസ്ത്രവിദ്യഎന്നും ഉള്ളരണ്ടുവിദ്യകളും അറിയെണ്ടുന്നവയാകുന്നു മുമ്പിൽ പറഞ്ഞത വയസ്സാകുമ്പോൾ പരിഹാസത്തിന്നും രണ്ടാമത്തെത എല്ലായ്പോഴും ബഹുമാനത്തിന്നും ആകുന്നു.

32.

There are two kinds of learning, with which we ought to be acquainted, the knowledge of arms and of books. In old age the former renders us a laughing-stock: the latter always tends to honor.

൩൩.

വിദ്വാനല്ലാത്തെയും ഗുണവാനല്ലാത്തെയും ഉള്ളപുത്രനെകൊണ്ടു എന്തകാൎയ്യം എല്ലായ്പോഴും കണ്ണിൽനിന്നുള്ളവെദനതന്നെ അല്ലാതെ പൊട്ടിയകണ്ണകൊണ്ടുഎന്തകാൎയ്യം.

33.

What is the use of a son neither learned nor good?

What is the use of a bursten eye, whence at all times proceeds nothing but pain?

൩൪.

ജനിക്കാത്തവനും മരിച്ചവനും മൂഢനും ഇവരമൂവരിൽ ജനിക്കാത്തവനും മരിച്ചവനും ഒരുനാൾദുഃഖത്തെ ചെയ്യുന്നു മൂഢൻ എല്ലായ്പോഴും ദുഃഖത്തെചെയ്യുന്നു.

34.

Of these three, the unborn, the dead and the fool, the unborn and the dead cause pain once, the fool always.

൩൫.

ഗുണവാനായിട്ട ഒരുപുത്രൻ മതി മൂഢന്മാര നൂറുണ്ടായിട്ടും കാൎയ്യമില്ല ചന്ദ്രൻ ഒരുവൻ ഇരുട്ടിനെകളയുന്നു നക്ഷത്രങ്ങൾ അനെകമുണ്ടായിട്ടും കാൎയ്യമില്ല.

35.

One son, if he be good, is enough—fools are of no good, although a hundred—one moon dispels darkness—stars however numerous are of no avail.

൩൬.

ഒരുഉരുൾകൊണ്ടുമാത്രം രഥാകാരം തെര നടക്കുന്നില്ല അപ്രകാരം പുരുഷപ്രയത്നത്തൊടുകൂടാതെ ദൈവം സാധിപ്പിക്കുന്നില്ല.

36.

As a chariot will not run with one wheel, so without human exertion God does not give success.

൩൰൭.

കുശവൻ ചക്രങ്ങളെക്കൊണ്ടു യാതൊരു പ്രകാരം തന്റെ ഇഷ്ടത്തെപോലെ പാത്രങ്ങളെ ഉണ്ടാക്കുന്നു അപ്രകാരം മനുഷ്യൻ തന്നാൽ ചെയ്യപ്പെട്ട കൎമ്മത്തെ അനുഭവിക്കുന്നു.

37.

As a potter with his wheel makes his vessels as he pleases—so man profits by his own deed.

൩൰൮.

ഗുണദോഷങ്ങളെ അറിയുന്നവര ഗുണവാന്മാരാകുന്നു അവര ഗുണമില്ലാത്തവരോടചെൎന്നിട്ട ദോഷികളാകുന്നു നല്ലവെള്ളമുള്ള പുഴകൾ സമുദ്രത്തോടചെൎന്നിട്ട കുടിപ്പാൻ കൊള്ളാത്തവയാകുന്നു.

38.

Those who are acquainted with good and evil are good, by contact with one not good they become vicious. Rivers of sweet water are unfit to drink, after having joined the sea.

AMUSING TALES.

൧.

ഒരു ഗുരു തന്റെ ശിഷ്യനായിക്കൊണ്ടു ജ്ഞാനങ്ങളെ ഉപദേശിച്ചു. ഉപദേശിക്കുമ്പോൾ ശിഷ്യൻ, തന്റെ അളയിലെക്ക കടപ്പാൻ പൊകുന്ന എലിയെ കണ്ടു, അതിങ്കൽ വിചാരമായിരുന്നു. ഗുരു ഉപദേശം തീൎന്നുടനെ, ശിഷ്യാ! എല്ലാം കടന്നുവൊ എന്ന ചൊദിച്ചു. ശിഷ്യൻ എല്ലാം കടന്നു, വാൽ മാത്രം കടന്നില്ല എന്ന പറഞ്ഞു.

1.

A teacher was giving his pupil lessons of wisdom, but while he was teaching, the pupil observing a mouse about to enter his hole, had his mind fixed upon it. As soon as the teacher had ceased teaching, he said, pupil, has all entered, all, answered the pupil, the tail only has not yet got in.

൨.

ഒരു സമ്പന്നൻ തന്റെ പിതാവിന ഒരൊട്ടിൽ കഞ്ഞിയെ വാൎത്തുകൊണ്ടുവന്നു, അവന്റെ

2.

A rich man brought to his father some rice gruel, which he had poured into a pot-

പുത്രൻ അതിനെ കണ്ടു ഓടൊട്ടിനെ എടുത്തു ഒളിച്ചു കളഞ്ഞു അതിന്റെശെഷം ദ്രവ്യസ്ഥൻ പിതാവിനൊട ഓടെവിടെ എന്ന ചൊദിച്ചു അടിച്ചു അപ്പൊൾ ആ ബാലൻ പിതാവെ നീ എന്റെ മുത്തച്ശനെ അടിക്കരുത ഞാൻ തന്നെ ഓടൊട്ടിനെ എടുത്തൊളിച്ചു വെച്ചത എന്നാൽ വലുതായതിന്റെ ശെഷം നിനക്കു വെറെ ഓട സമ്പാദിക്കയില്ല എന്ന പറഞ്ഞു ധനവാൻ അതിനെ കെട്ട ലജ്ജിച്ചു അന്നുമുതൽ തന്റെ പിതാവിനെ എറ്റവും ആദരിച്ചിരുന്നു.

sherd—His son seeing it took the potsherd and hid it away. After this the rich man striking his father asked where the potsherd was. Then the lad said, father, do not beat my grandfather, it was I alone that took the potsherd and hid it, for after I am grown up, I shall get no other potsherd for you. The rich man on hearing this was ashamed and henceforth treated his father kindly.

൩.

ഒരുത്തൻ പതിനായിരം വരാഹിൻ വെച്ചിരുന്നു അവൻ തനിക്ക മരണകാലം സമീപിച്ചത അറിഞ്ഞ തന്റെ രണ്ടു പുത്രന്മാരെയും വരുത്തി ഓരൊരുത്തന അഞ്ചു പണം കൊടുത്ത ഇതുകൊണ്ടു ഭവനത്തെ നിറക്കുന്നവന എന്റെ സമ്പത്തിനെ ഞാൻതരുമെന്ന പറഞ്ഞു അവരിൽ മൂത്തവൻ അഞ്ചു പണത്തിനും മലിന വസ്ത്രമായിരിക്കുന്ന വകളെ കൊണ്ടുവന്ന വീട്ടിൽ നിറച്ചുകൂട്ട പരത്തിവെച്ചു. ഇളയവൻ മെഴുകുതിരിയെ വാങ്ങി കൊണ്ടുവന്ന എല്ലാസ്ഥലങ്ങളിലും പ്രകാശിക്കത്തക്കവണ്ണം വിളക്കിനെവെച്ചു. പിതാവ ഇതിനെ രണ്ടിനെയും കണ്ടു ദീപത്തെപ്രകാശിപ്പിച്ചവനായിക്കൊണ്ടു ആസ്തിയെ കൊടുത്തു.

3.

A man had laid by ten thousand pagodas, but discovering that the time of his death was approaching sent for his two sons and giving them five fanams each, said I will give my property to him that shall fill the house with these. The elder of them purchased all sorts of old cloths with the fanams and so spread them about as to fill the house. The younger bought a wax candle and placed it so as to give light to all parts. The father seeing the two things left his substance to him that had lit the light.

൪.

ഒര ദരിദ്രനായിരിക്കുന്ന ബ്രാഹ്മണൻ വളരെകാലമായിട്ട വടയെ ഭക്ഷിക്കെണമെന്ന ആഗ്രഹിച്ചിരുന്നു. എന്നാലൊരു ദിവസം പ്രയാസപ്പെട്ട കൊറെഉഴുന്നും എണ്ണയും

4.

A poor brahmin had for a long time desired to feed on gram cakes. Where upon one day having after much difficulty procured some gram, oil, and other necessary ingre-

വെണ്ടുന്ന പദാൎത്ഥങ്ങളെയും സമ്പാദിച്ചു ഭാ
ൎയ്യയുടെ കയ്യിൽ കൊടുത്തു ഇതിനെ നൂറു വട
യാക്കി വെഗത്തിൽ ഉണ്ടാക്കികൊണ്ടുവാ എ
ന്നപറഞ്ഞു അവൾ വട ചുടുമ്പൊൾ ത
ന്നെ ഒരൊരൊവടയാക്കി തിന്നിട്ടു ഒരുവടമാത്രം
ഭൎത്താവിന്റെ മുമ്പിൽ കൊണ്ടുചെന്നുവെച്ചു
അവൻ തൊണ്ണൂറ്റൊമ്പത വട എവിടെ
ഇരിക്കുന്നു എടീ എന്നചൊദിച്ചു അവൾ ഞാൻ
തന്നെ തിന്നു എന്നപറഞ്ഞു ഹൊ അത്രയു
മെങ്ങിനെ തിന്നു എടീ എന്ന അവൻ ചൊ
ദിച്ചു അവൾ ഇപ്രകാരം തന്നെ ഞാൻ തിന്നു
കണ്ടാലും എന്നപറഞ്ഞു ആ ഒരു വടയെയും
എടുത്തപൊട്ടിച്ചു വായിൽ ഇട്ടു.

dients he gave them into his wife's hand and told her to make them into a hundred cakes and bring them quickly. As fast as she baked each cake she ate it, and only brought one to her husband. Where, woman, interrogated he, are the ninety-nine? I have eaten them myself, said she. Ah! enquired he, how could you eat so many, wife! I ate them just so, said she, look! and taking the only cake, broke it, and put it into her mouth.

൫.

ഒരു മൂഢൻ ഒരുചെട്ടിയുടെ പിന്നാലെ
കൂടെ വഴിയാത്രപൊയി.
പൊകുമ്പൊൾ എറ്റവും ഇരുട്ടാകകൊണ്ടു
ഇവൻ പെരുവഴിയിൽ കിടന്നു ചെട്ടി സ
മീപത്ത ഒരു കുറുങ്കാട്ടിലും കിടന്നു ഇപ്രകാ
രം ഇരിക്കുമ്പൊൾ വഴിപൊകുന്ന കള്ള
ന്മാരുടെ കാലുകളാൽ മൂഢൻ ചവിട്ടപ്പെട്ടു
ഒരുകള്ളൻ ഇത എന്താകുന്നു തടിപൊലെ
ഇരിക്കുന്നതെന്ന പറഞ്ഞു അപ്പൊൾ മൂഢൻ
കൊപിച്ചു പൊ പൊ പിറകുതടി അരയിൽ
അഞ്ചുപണവും കെട്ടികൊണ്ടു നസ്സിവണ്ണം
കിടക്കുമൊ എന്നചൊദിച്ചു.

5.

A fool was travelling along the road behind a tradesman.

As they were proceeding, in consequence of its growing dark they lay down, the former in the high way, the tradesman in a neighbouring thicket. As they were thus disposed, the fool got a kick from the feet of some thieves who were travelling: one thief said, what's this? It is like a log. The fool being angry, answered, go, go, will a log of wood be found with 5 fanams in his girdle.

കള്ളന്മാര അവനൊട ആ പണവുംപിടി
ച്ചു പറിച്ചു കൊണ്ടു പൊകുമ്പൊൾ ഈപ
ണം എടുക്കുന്നതൊ എടുക്കാത്തതൊ എന്ന
സംസാരിച്ചു മൂഢൻ എടുക്കുന്നതിന്നും എടു
ക്കാത്തതിന്നും ആഹാ എന്റെ പണം അപ്ര

The thieves having robbed him of the fanams, as they went along said to one another, will people take these fanams or not? Aha are my fanams of that kind to question whether they will be taken or not—if you

കാരമുള്ളതൊ എന്ന വെണമെങ്കിൽ കാണു
ള്ളൂ ചെട്ടിയതാ ഇരിക്കുന്നു നിങ്ങൾ കാട്ടിക്കൊൾ
വിൻ എന്ന ആ ചെട്ടിയെ ചൂണ്ടികാട്ടി പ
റഞ്ഞു.

please, there is a shroff, look, show them to him, he said, and pointed to the trades— man with his finger.

അവർ ചെട്ടിയുടെ കയ്യിൽ ഉണ്ടായിരുന്ന
നൂറ വരാഹനെയും പിടിച്ചു പറിച്ചുകൊണ്ടു
പൊയി.

They seized and carried off a hundred pagodas, which the tradesman had.

എന്നതുകൊണ്ടു മൂഢന്മാരൊട ചെന്നാൽ
നിഷ്പരിഹൃതനാശം വരും.

Hence unavoidable loss must follow consorting with fools.

൬.

6.

ഒരു ദെശത്തിൽനിന്ന മറ്റൊരു ദിക്കിലെ
ക്കു പൊകുന്ന ഒരു തമിഴൻ തന്റെ കുതിരയെ
ഒരു കുളത്തിന്റെ കരയിൽ നിൽക്കുന്ന ഒരു മ
രത്തിന്മെൽ കെട്ടി ജലത്തിന്റെ അരികിൽ ഇ
രുന്ന ചൊറ ഭക്ഷിച്ചുംകൊണ്ടിരുന്നു.

A Tamulian travelling from one place to another, was sitting down and eating his boiled rice near the water of a tank, to a tree on the bank of which he had tied his horse.

അപ്പൊൾ വഴിപൊകുന്നവനായ ഒരു തുലു
ക്കനും അവിടെ ഇറങ്ങി തന്റെ കുതിരയെയും
ആ മരത്തിൽ കെട്ടുവാൻ ഭാവിച്ചു അപ്പൊൾ
തമിഴൻ തുലുക്കനൊട ഒറക്കെവിളിച്ചു പറ
ഞ്ഞതെന്തെന്നാൽ എന്റെ കുതിര എറ്റവും
ദുഷ്ടനാകുന്നു നിന്റെ കുതിരക്ക ശക്തിയില്ലാത്ത
തിനാൽ അവിടെ കെട്ടണ്ട ഇങ്ങിനെ അവൻ
പറഞ്ഞിട്ടും തുലുക്കൻ വാശിയായിട്ട ഞാൻ
അവിടെ തന്നെ കെട്ടുമെന്ന പറഞ്ഞുകെട്ടി
അവനും കുളക്കരയിൽ ഭക്ഷിച്ചും കൊ
ണ്ടിരുന്നു.

At that time a Musselman traveller coming down there began to tie his horse to the same tree. Then the Tamulian with a loud voice cried out, as follows; my horse is very wicked and as your horse is not strong don't tie him there: when he had thus spoken the musselman tied him notwithstanding, saying there and no where else will I tie him—and he also went to his dinner on the bank of the tank.

അങ്ങിനെ ഇരിക്കുമ്പൊൾ ഈ രണ്ടു കുതിര
കളും തമ്മിൽ പിണങ്ങി ഇവർ ഓടി വന്ന
തടുക്കുന്നതിന്നുമുമ്പെ തമിഴന്റെ കുതിര തുലു
ക്കന്റെ കുതിരയെ മറിച്ചിട്ട കടിച്ചുകൊന്നുകള
ഞ്ഞു തുലുക്കൻ തന്റെ കുതിരയുടെ ചെതത്തെ

While they were thus engaged, the two horses fought together, and before they could run to prevent it, the horse of the Tamulian had thrown down and bit the musselman's horse to death. The musselman on discover-

കെട്ടു തരെണമെന്ന പറഞ്ഞ മടിപ്പിടിച്ചു ന്യായാധിപതിയുടെ അടുക്കൽ കൊണ്ടുചെന്നു.

ന്യായാധിപതി തമിഴനൊട എന്ത പറയുന്നു എന്ന പലപ്രാവശ്യം ചൊദിച്ചു തമിഴൻ മൂകനെപ്പൊലെ നിന്നു—അപ്പൊൾ ന്യായാധിപതി തുലുക്കനൊട ഈമൂകനെ എന്ത ചെയ്യാം എന്ന ചൊദിച്ചു അപ്പൊൾ തുലുക്കൻ സ്വാമി ഇവൻ കൌശലം ചെയ്യുന്നു ആമരത്തിന്മെൽ കുതിരയെ കെട്ടരുത കെട്ടരുത എന്ന എന്നൊട മുമ്പെ ഇവൻ പറഞ്ഞു എന്ന അവൻ പറഞ്ഞു അതിനെകെട്ട ന്യായാധിപതി നിനക്കുകുതിരയുടെ ചെതം ഇവൻ തരുവാൻ സംഗതിയില്ല പൊഎന്ന പറഞ്ഞയച്ചു.

൭.

രണ്ടു സ്നെഹിതന്മാര ഒരു ദിക്കിലെക്ക പൊകുമ്പൊൾ വഴിയിൽ ഒരു ബ്രാഹ്മണന്റെ ഗൃഹത്തിന്റെ നടയിൽ തളൎച്ച തീൎപ്പാനായിട്ടിരുന്നു.

അപ്പൊൾ ആഗൃഹത്തിൽ ഭൎത്താവും ഭാൎയ്യയുമായിട്ട എറ്റവും അന്യൊന്യമായിരിക്കുന്നതിനെ അവര കണ്ടു ഇവരിൽ ഒരുത്തൻ മറ്റവനൊട ഇവര തമ്മിൽ ഉള്ളസ്നെഹിത്തെ കണ്ടാലും എന്ന പറഞ്ഞു.

ഇവരുടെ സ്നെഹം ഒരുനാളും ഭെദം വരികയില്ല എന്ന അതിശയപ്പെട്ടു.

അതിനെ കെട്ട മറ്റവൻ കണ്ടാലും ഞാൻ ഭെദിപ്പിച്ചു വിപരീതമാക്കുന്നുണ്ടു നൊക്കികൊൾക എന്നും പറഞ്ഞു.

വിവാദംകെട്ടി പിന്നെതാനൊരുജ്ഞാനിയെപൊലെ പറഞ്ഞുതുടങ്ങി.

ing the loss of his horse seized the other by the girdle and carried him before the judge, demanding indemnification.

The judge having asked the Tamulian several times what he had to say, the Tamulian stood like one dumb. Then the judge asked the musselman what he was to do with a dumb man—Sir, the musselman then said, he is acting a part, before he said don't tie, don't tie the horse to the tree. On hearing this the judge sent him away, saying, go, there is no ground for his paying you for the loss of your horse.

7.

As two friends were travelling towards a place, they sat down to rest themselves at the entrance of a Brahmin's house.

Thereupon beholding that the husband and wife in the house had very great mutual affection, one said to the other, look at the love of these for each other.

It will be surprising, if no change shall ever happen to their love.

On hearing this the other said I will interrupt it and cause the contrary—observe.

Having pledged himself, he then began talking to himself like a sage.

അപ്പൊൾ ആ സ്ത്രീയും പുരുഷനും ഉപചരിച്ചു.

Then the man and woman regarded him with respect.

പിന്നെ ഈ ജ്ഞാനി അവർ അന്യൊന്യം അറിയാതെ ഉപദെശിച്ചത എന്തെന്നാൽ.

Thereon the sage gave them both advice apart from each other, as follows:

ബ്രാഹ്മണസ്ത്രീയൊട അംബാ നീ നല്ല പതിവ്രതയാകുന്നു അയ്യൊ ഇപ്രകാരമിരിക്കുന്ന നിനക്ക ജന്മാന്തരത്തിങ്കലെ ഉപ്പുകറവൻ ഇപ്പൊൾ ഭർത്താവായെല്ലൊ എന്ന പറഞ്ഞ വ്യസനപ്പെട്ടു.

He said to the Brahminee, Lady, you are very virtuous, alas! that being such your husband should have been in a former life a salt carrier, and sighed.

അത ഞാൻ എതപ്രകാരം അറിയും എന്ന അവൾ ചൊദിച്ചു.

How shall I know this, she asked.

രാത്രി അവൻ ഉറങ്ങുമ്പൊൾ അവന്റെ കാലിൽ നക്കിനൊക്ക എന്നാൽ ഉപ്പചൊവക്കും എന്ന അവൻ പറഞ്ഞു അവൾ നല്ലത അപ്രകാരം ആം എന്ന പറഞ്ഞു.

At night when he is asleep, said he, try by licking his leg—thereon will be the taste of the salt. Good, said she, so I will.

പിന്നെ ബ്രാഹ്മണനൊട സ്വാമി നീ നല്ലയൊഗ്യൻ അയ്യൊ നിനക്ക പൂർവ്വജന്മത്തിൽ ശ്വാവായിരുന്നവൾ ഇപ്പൊൾ ഭാര്യയായിരിക്കുന്നുവെല്ലൊ ഇതിനെ കുറിച്ച ഞാൻ ക്ലെശിക്കുന്നു എന്ന അവൻ പറഞ്ഞു.

Then he addressed the Brahmin saying, Sir, you are a good man, alas! that she should be your wife, who was in a former birth a dog: I am sorry for this.

അത എങ്ങിനെ അറിയാം എന്ന അവൻ ചൊദിച്ചു.

How can I know this, asked he?

നീ രാത്രിയിൽ ഉറങ്ങുന്നതപൊലെ ജാഗ്രതയായിരിക്കണം അപ്പൊൾ അവൾ നിന്റെ കാൽ നക്കും കണ്ടുകൊണ്ടാലും എന്ന അവൻ പറഞ്ഞു അവനും അപ്രകാരം ആകട്ടെ എന്ന പറഞ്ഞു.

Do you in the night, said he, pretending to be asleep, watch: then you will observe her lick your leg. Be it so, said he.

അപ്രകാരം തന്നെ അന്ന അർദ്ധരാത്രിയിൽ ഭർത്താവിന്റെ കാലിന്മെൽ ഭാര്യാ നക്കി അവൻ ഛീ ഛീ നായെ എന്നപറഞ്ഞ അട

So in the middle of that very night the wife licked her husband's leg, and he said, begone, begone, you dog and beat her, be-

ച്ചു അവൻ ഛീ ഛീ ഉപ്പുകാറവാ എന്നപറഞ്ഞ ഇടിച്ചു.

ഇപ്രകാരം ഇരുവരും ശണ്ഠയായിട്ട പുറത്ത വീണു.

ഇതിനെ കലഹിപ്പിച്ചവൻ തന്റെ ഒരു സ്നെഹിതനെ കാണിച്ചു സന്തൊഷത്തൊടകൂട അവനൊടം ഒന്നിച്ചുപൊയി.

൮.

ചിലജന്മാന്ധന്മാരെല്ലാവരും ഒരുസ്ഥലത്തിൽ കൂടിഇരുന്ന അവർ ആനയെ കാണെണമെന്ന ആഗ്രഹത്തൊടകൂട ഒര ആനക്കാരനൊടത്തിന്നായിട്ട അപെക്ഷിച്ചു അവൻ ആനയെ നിൎത്തി ഇതാ നൊക്കിപൊകുവിൻ എന്ന പറഞ്ഞു.

നല്ലതെന്ന പറഞ്ഞ ഒരുകുരുടൻ ആനയുടെ കാൽ തടവിനൊക്കി—ഒരു അന്ധൻ തുമ്പിക്കൈ തടവിനൊക്കി ഒരുത്തൻ ചെവിയെ തലൊടി നൊക്കി ഒരുത്തൻ വാലിന്മെലും തൊട്ടുനൊ ഇപ്രകാരം കണ്ടുംകൊണ്ടുഅവര പൊകുന്നതിന്റെ ശെഷം അന്യൊന്യം ആനയുടെ മഹിമ പറഞ്ഞുതുടങ്ങി കാലിൽ തപ്പിയവൻ ആനഉരൽപൊലെ ഇരിക്കുന്നു എന്നപറഞ്ഞു.

തുമ്പിക്കൈയിൽ തപ്പിയവൻ ആന ഉലക്കപൊലെ എന്നും വാലിന്മെൽ തൊട്ടുനൊക്കിയവൻ ആന ചൂലപൊലെ ഇരിക്കുന്നു എന്നും ചെവിയെ തടവിനൊക്കിയവൻ മുറംപൊലെ ഇരിക്കുന്നുഎന്നുംപറഞ്ഞു.

ഇപ്രകാരം ഒരുത്തൻ ഒരുത്തനൊട വിപരീതം പറഞ്ഞ ഒഴിയാതെ ശണ്ഠയിട്ടുനടന്നു.

gone, begone, you salt carrier, she replied, and returned the blow.

Thus quarrelling, they threw one another down.

The causer of the quarrel pointing it out to his friend went away with him, enjoying it.

8.

Some men, all blind from their birth, happening to be together at one place requested earnestly of an elephant driver to show them an elephant, he said, examine it and be off.

It is a fine thing, said one blind man feeling the elephant's leg—said another blind man stroking his trunk—and another passing his hand over the ear—another touching his tail. Having thus examined the elephant, as they went away, they began to speak to one another of the greatness of the elephant.

He that had felt the leg, said the elephant was like a mortar for pounding rice.

He that had felt the trunk, that it was like a pestle or rice beater, he that had touched the tail that it was like a broom, and he that had stroked the ear, that it was like a winnowing fan.

Thus they went on quarrelling without end, each declaring the contrary to the other.

൯.

പണത്തിൽ ആഗ്രഹമില്ലാത്ത ഒരു സന്ന്യാസി കാട്ടിൽ കൂടെ പൊകുമ്പൊൾ അവിടെ ഒരു നിക്ഷെപത്തെ കണ്ടു ഭയപ്പെട്ടു ഓടി അപ്പൊൾ ഒരു ഭൃത്യനൊടു കൂടെ നെരെ വരുന്ന രണ്ടു സന്ന്യാസിമാര ഇവനെ കണ്ടു നീ എന്തിന ഓടുന്നു എന്ന ചൊദിച്ചു അവിടെ ആൾകൊല്ലിയെ കണ്ടു ഭയപ്പെട്ടു ഞാൻ ഓടുന്നു എന്ന പറഞ്ഞു പിന്നെ പണത്തെ കുറിച്ചു ആൾകൊല്ലി എന്നപറയുന്ന ഇവൻ മൂഢനെന്ന വിചാരിച്ചു അവിടെ ചെന്ന ആപണത്തെഎടുത്ത അവർ കൊണ്ടുപൊയി.

ഇവരുടെ ഭൃത്യൻ ഇവരെ രണ്ടുപെരെയും കൊന്നാൽ ഈപണത്തെഒക്കയും തനിക്കതന്നെ എടുത്തകൊള്ളാമെന്ന വിചാരിച്ചു നിശ്ചയിച്ചു അവൎക്കഭക്ഷിക്കവെച്ച ചൊറ്റിൽ വിഷം കലൎന്നവെച്ചു ഒരു സമയം ഭൃത്യൻ ഓഹരിചൊദിക്കുമെന്ന സന്ന്യാസിമാര കൂടി വിചാരിച്ചു കുളത്തിൽ കുളിക്കുമ്പൊൾ അവനെ ജലത്തിൽ താഴ്ത്തി.

പിന്നെ അവൎക്കവെച്ച അന്നത്തെ അവര രണ്ടുപെരും ഭക്ഷിച്ചു മരിച്ചു ആൾകൊല്ലിഎന്ന വചനത്തെ പരമാൎത്ഥം എന്ന നിശ്ചയമാക്കി.

9.

As a Sanyasee not greedy of money was going along a wood, he saw there a purse and ran away through fear. At that time two Sanyasees with their servant met him and asked him why he was running. I have seen a man-slayer there, he said, and I run away for fear. Then on arriving there they seized the money and carried it away, considering him a fool for calling money a man-slayer.

Their servant, assuring himself, that all the money would be his, if he should kill them both, mixed poison with the boiled rice, which had been given them. The two Sanyasees expecting that the servant would some time ask for a share of the money, drowned him in the water, when they were bathing in the tank.

Then they partaking of the prepared food died both together, proving the truth of the word that it was a man-slayer.

Extracts from the കെരളൊല്പത്തി *or origin of Malabar.*

വരുണൻ ഇപ്രകാരം പറഞ്ഞതിന്റെ ശെഷം സുബ്രഹ്മണ്യൻ പറഞ്ഞു.

അല്ലയൊ സമുദ്രം നീ പരശുരാമനായി കൊണ്ടു ഭൂമിയെ കൊടുത്താലും.

എന്നസുബ്രഹ്മണ്യന്റെ വാക്കിനെ വരുണൻകെട്ടപ്പൊൾ തൊഴുത പരശുരാമനൊടു പറകയും ചെയ്തു.

After Varunen had thus spoken Subrahmanyan said,

O! sea be pleased to give land to Parushuraman.

Whereupon as soon as Varunen heard the word of Subrahmanyan, worshipping him, he addressed Parashuraman.

അല്ലയൊ പർശുരാമാ പടിഞ്ഞാറെ സമുദ്രത്തിന്റെ തീരത്തിങ്കൽ നിന്ന വലത്തെ കയ്യകൊണ്ടു സമുദ്രത്തിങ്കൽ വെണ്മഴു വലിച്ച എറിഞ്ഞാലും. എന്നാൽ അത എത്രദൂരത്തിങ്കൽ വീഴുംഅത്രൊടം രാജ്യം നീ എടുത്തരക്ഷിച്ചാലും. ഇപ്രകാരം വരുണൻ പറഞ്ഞ തന്റെ സ്ഥാനത്തിങ്കൽപൊകയുംചെയ്തു.

അതിന്റെ ശെഷം പരശുരാമനും സുബ്രഹ്മണ്യനും വിചാരിച്ചുനിശ്ചയിച്ച സുബ്രഹ്മണ്യൻ പരശുരാമനൊടപറഞ്ഞു.

അല്ലയൊബഹുമാനായിരിക്കുന്ന പരശുരാമ എന്റെ വാക്കിനെയും കൌശലത്തെയും കെട്ടാലും.ഉപായം കൊണ്ടു തന്നെ കാൎയ്യം സാദ്ധ്യം.

അല്ലയൊ രാജാവെ നീവിഷ്ണുതാൻ തന്നെ വിഷ്ണുമായയെ ചിന്തിച്ചിട്ട നിന്റെ ബലത്തൊടകൂടഈസമുദ്രത്തിങ്കൽ വെണ്മഴുകൊണ്ടു എറിഞ്ഞാലും.

അതിന്റെ ശെഷം വലത്തെ കയ്യകൊണ്ടു വെണ്മഴു എടുത്ത പടിഞ്ഞാറെ സമുദ്രത്തിങ്കൽ എറിഞ്ഞപ്പൊൾ ആവെണ്മഴു ഗൊകൎണ്ണത്തിങ്കൽചെന്ന വീഴുകയും ചെയ്തു.

മലയാള ഭൂമിക്ക രക്ഷവെണമെന്നുകല്പിച്ച നൂറ്റെഴുപത ഈശ്വരപ്രതിഷ്ഠകൾചെയ്തു എന്നിട്ടും ഭൂമിക്ക ഇളക്കം മാറീല്ലഎന്ന കണ്ടു തിന്റെ ശെഷം പരശുരാമൻ കെരളത്തിങ്കൽ ബ്രാഹ്മണരെ പലദിക്കിൽനിന്നും കൊണ്ടുവന്നവെച്ചു.

O! Parashuraman, stand on the shore of the western sea and taking a hatchet hurl it with your right hand into the sea; as far distant as it shall fall, so far take possession of the land and keep a kingdom. Thus saying Varunen returned to his place.

Thereupon Parushuraman and Subrahmanyan, having consulted together Subrahmanyan said to Parushuraman,

O! illustrious Parushuraman, listen to my word and artifice. The affair will succeed only by cunning.

O! Rajah, thou who art Vishnu, meditating on the female Vishnu, cast the hatchet into this sea with force.

Thereupon taking the hatchet with his right hand, when he had hurled it into the western sea, it reached to Gokarnam and fell.

Resolving that protection should be afforded to the land of Malayála he erected 170 images of the gods, but perceiving no alteration in the instability of the land, holy Parashuraman introduced brahmins into Keral bringing them from different places.

ഇതിന്റെശെഷം അവരാരുംഉറച്ചിരുന്നതുമില്ല അവരൊക്കതന്റെ ദിക്കിൽതന്നെപൊകയും ചെയ്തു—അതിന്റെ ഹെതുകെരളത്തിങ്കൽ സൎപ്പങ്ങൾ വന്ന നിറഞ്ഞിരിക്കയാൽ അവരുടെ വിഷംകൊണ്ടു ആൎക്കുംഉറച്ചുനില്പാൻ വശം അല്ലാതെവന്നു.

But not one of them would stay, but they went all away each to his own country.

The reason of this was, that Keral was infested with snakes, through dread of which no one could settle there.

അനന്തരം കെരളത്തിൽ വാഴുന്ന മനുഷ്യര ദെവലൊകത്തിൽ ഉള്ളസ്വൎഗ്ഗവാസികൾക്കു തുല്യന്മാരായ്വരെണമെന്നിട്ട പരശുരാമൻ ദെവെന്ദ്രനൊടപെക്ഷിച്ചിരിക്കുന്നു.

Afterwards holy Parashuraman begged of the God of the atmosphere, that the men reigning in Keral should become equal to the inhabitants of heaven in the world of the gods.

ആറുമാസം വൎഷംവെണം രാജ്യത്തിങ്കൽ അനെകം അനെകം സമ്പത്തുകൾ ഉണ്ടാകെണം അന്നവും പൂവും നീരും വഴിപൊലെ ഉണ്ടാകെണം ദാനധൎമ്മം വൎദ്ധിക്കെണം ഐശ്വൎയ്യമുണ്ടായ് അതകൊണ്ടു ഈശ്വരസെവകഴിക്കെണം ദൈവപൂജയും പിതൃപൂജയും വഴിപൊലെകഴിക്കെണം അതിന്നപശുക്കളും വളരെഉണ്ടായ്വരെണം അവറ്റിന്നപുല്ലും തണ്ണീരും പെരികഉണ്ടായ്വരെണമെന്നിട്ട ദെവെന്ദ്രനൊടപെക്ഷിച്ചു.

In order that prosperity might prevail, he begged of the God of the atmosphere 6 months rain, abundance of all kinds of vegetables, rice, flower, and water as it should be, charity and alms should increase, and therefore that they should serve the gods, perform worship to them, and to their ancestors, for which he required many cows and much grass and water for them.

A brief account of the contents of the കെരളൊല്പത്തി.

പരശുരാമൻ ഇരുപത്തൊന്നപ്രാവശ്യം ദുഷ്ടക്ഷത്രിയരെ നിഗ്രഹിച്ച ഭൂമിയിങ്കൽ സാധുജനങ്ങൾക്ക സുഖത്തെ വരുത്തിസ്വസ്ഥനായിട്ട മഹെന്ദ്രപൎവ്വതത്തിങ്കൽ ആയുധങ്ങളെഒക്കയും വെച്ചുതപസ്സചെയ്യുന്ന സമയത്തിങ്കൽ നാരദൻ തുടങ്ങിയുള്ള മുനിശ്രെഷ്ഠന്മാരൊരുമിച്ച പരശുരാമനെ കണ്ടു

At a time when Parushuraman was performing penance on the mountain Mahandra, where he had laid up all his arms, after having slain the wicked Kchettries twenty-one times, restored peace to the good people on the earth and was at rest, the chief munis beginning from Naradea

നാൾകൊണ്ടു മഹെന്ദ്രാചലത്തിങ്കൽ വന്ന പരശുരാമനെ കണ്ടുവന്ദിച്ചു മുമ്പെത്തെയുഗത്തിങ്കൽസമുദ്രത്തിൽ മുങ്ങിക്കിടക്കുന്ന കെരളഭൂമിയെ സമുദ്രത്തെ നീക്കിപ്രകാശിപ്പിക്കെണം എന്ന മുനിശ്രെഷ്ഠന്മാരുടെ വാക്കിനെകെട്ടപ്പൊൾ പരശുരാമൻ വെഗെന അവിടെനിന്നഗൊകർണ്ണസമീപത്തിങ്കൽ ചെന്ന ഒരു വെണ്മഴു എറികയും ചെയ്തതിന്റെ ശെഷം ആവെണ്മഴു ചെന്ന വീണെടത്തൊളം ഉള്ളപ്രദെശത്തിങ്കൽനിന്ന സമുദ്രം വാങ്ങിനില്ക്കയും ചെയ്തു.

ആയതു കന്യാകുമാരി ഗൊകർണ്ണാന്തമാകുന്നു.

കെരളഖണ്ഡം തുളുഖണ്ഡം ഹൈകഖണ്ഡം ഇങ്ങിനെ മൂന്നഖണ്ഡം കന്യാകുമാരി തുടങ്ങി കാഞ്ഞിരൊട്ട പുഴയൊളം കെരളഖണ്ഡം.

അവിടെനിന്ന മദ്ധ്യഭാഗം തുളുഖണ്ഡം മദ്ധ്യഭാഗം ഹൈകഖണ്ഡം അതിന്നബാഷ്പസെതു എന്ന നദി അവധിയാകുന്നു.

ഇങ്ങിനെമൂന്നഖണ്ഡങ്ങൾകൂടിയതു മലയാളം എന്ന ചൊല്ലുന്നു.

ഇങ്ങിനെ പരശുരാമൻ കെരളഭൂമിയെ ഉണ്ടാക്കി അന്യദെശത്തിങ്കൽനിന്ന ഷൾകർമ്മനിരതന്മാരായിരിക്കുന്ന ബ്രാഹ്മണരെവരുത്തി സ്ഥാനമാനങ്ങളെയുംകല്പിച്ചു ഒരൊരൊക്ഷെത്രങ്ങളെയും ഉണ്ടാക്കി പ്രതിഷ്ഠാദികളെയും ചെയ്തു ബ്രാഹ്മണർക്കായികൊണ്ടു കെരളഭൂമിയെ കർമ്മഭൂമിയാക്കി ദാനംചെയ്കയുംചെയ്തു.

മലയാളത്തിൽ ആറുമാസം വർഷത്തെ ഉണ്ടാക്കാമെന്നദെവെന്ദ്രൻ പരശുരാമനൊട സമയം ചെയ്തപ്പൊൾ പരശുരാമൻ ബ്രാഹ്മണരെകൊണ്ടു യാഗാദികർമ്മങ്ങളെ ചെയ്യിപ്പിച്ചു

came to see him on the place Mahandra, and having seen and saluted him, advised him to cause the sea to recede, and bring to light the land of Keral, which had been submerged in the waters in a former age. On hearing which Parushuraman quickly went from thence to the neighbourhood of Gokarnam, and hurling an axe, recovered from the sea the land, as far as to the place where the hatchet fell.

The limits are Cape Comorin and Gokarnam. There are three divisions, that of Keral, Tulu, and Heika. From Cape Comorin to the river Kányirota is the Keral division.

The middle portion from thence is the Tulu division. The last part is the Heiga division, the boundary of which is the stream Bashpasetu.

So these three divisions are together called Malayalim.

Parushuraman having thus formed the land of Keral, brought in from a foreign country brahmins well acquainted with holy rites, provided them with abodes, and titles, built separate pagodas, set up images &c. and having made the land of Keral a holy land of works, gave it to the brahmins.

When the God of the air had consented with Parushuraman, that there should be six months rain in Malayalim, Parashuraman caused the Brahmins to perform sacri-

വഴിപൊലെ പ്രസാദിപ്പിക്കുന്നതിന്നു യാ ഗങ്ങളൊടും പ്രതിജ്ഞചെയ്തു.

അതുമല്ല ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻ ഇങ്ങിനെ നാലുവൎണ്ണങ്ങളുടെ ആചാരവിചാരങ്ങൾക്കും കൎമ്മാദികൾക്കും ബ്രാഹ്മണൎക്കകൊണ്ടു അധികാരത്തെയും കല്പിച്ചു ദേശരക്ഷയും ചെയ്തുതൃപ്തനായി വസിക്കയുംചെയ്തു.

fices from the Yaga downwards in the proper manner to please the God of the air.

Moreover he gave chief authority to the Brahmins for the employments and occupations of the four castes, namely; the Brahmin, the Kchettry, Veishya, and the Sudra, and having provided for the protection of the country rested.



Specimens of Letters.

മഹാരാജശ്രീ————സ്വാമിഅവർകൾക്കു
————രാജ്ഞിബീബിസലാം. എന്തെന്നാൽ

മകരമാസം ൨൫൹ സ്വാമിഅവർകൾ എഴുതി കൊടുത്തയച്ച കത്ത എത്തി വായിച്ചു അറിഞ്ഞു വളരെസന്തൊഷമാകയുംചെയ്തു.

ഈശ്വരാനുഗ്രഹം കൊണ്ടു സ്വാമിഅവർകൾ മലയാളത്തിൽ തന്നെമടങ്ങി വരികയാൽസ്വാമിഅവർകൾ ബഹുസന്തൊഷത്തൊടുംകൂടി ഇരിക്കണമെന്ന നാം എപ്പൊഴും ഉടയതമ്പുരാനൊട അപെക്ഷിച്ചുകൊണ്ടു ഇരിക്കുന്നു.

സ്വാമിഅവർകളെ വന്നുകാണുന്നതിന്ന നമുക്ക വളരെ ആഗ്രഹമുള്ളതത്രെ ആകുന്നു അങ്ങൊട്ടു നാം പുറപ്പെടുമ്പൊൾ സ്വാമിഅവർകളെ അറിയിക്കയുംചെയ്യും.

സ്വാമിഅവർകളുടെ കൃപ നമ്മൊട എല്ലായ്പൊഴും ഉണ്ടായിരിക്കയും വെണം. എന്ന ൧൦൦൩ മത മകരമാസം ൨൮൹ എഴുതിയതു.

To his royal highness the excellent Lord ————the royal lady of————*sends* greeting.

The letter bearing date the 25th of the month Makara, which your lordship sent reached me and gave me great pleasure in its perusal.

Since through the mercy of God your lordship has returned to Malabar, I continually pray to the Lord above, that you may with great satisfaction continue.

I have hitherto desired to come and see your lordship, but I will let your lordship know when I proceed.

May your lordship's kindness ever be towards me!

Written on the 28th of the month Makara in the year 1003.—

മഹാരാജശ്രീ ——— സായ്പവർകൾക്ക ——— രാജാവവർകൾ സലാം.

എന്തെന്നാൽ സായ്പവർകൾ നമുക്ക ഈ മകര മാസം ൨൫ നു എഴുതിഅയച്ചകത്ത വായിച്ചുകെട്ട എറ്റവും സന്തോഷമാകയും ചെയ്തു.

മുമ്പെ സായ്പവർകൾ മലയാളത്തിൽ വന്നപ്പൊൾ ഉടനെകാണ്മാനും നമ്മുടെ സുഖ സന്തൊഷാദികളും കാൎയ്യാദികളും ബൊധിപ്പിപ്പാനും സംഗതിവരികയും അപ്രകാരം തന്നെ ഒക്കെയും ബൊധിപ്പിക്കയും ചെയ്താറെ ഗുണമാകുന്നവെണ്ണം വണ്ണം കല്പനഉണ്ടാകകൊണ്ടു എറ്റവും സന്തോഷമായി.

സായ്പവർകളുടെ കൃപാകടാക്ഷംകൊണ്ടു നമുക്ക അനെകം കാൎയ്യാദികൾക്ക ഗുണമുണ്ടായിട്ടവരുമെന്ന വിചാരിച്ചിരിക്കുമ്പൊൾ മദ്രാശ സംസ്ഥാനത്തിന്നവന്നകല്പന പ്രകാരം സായ്പവർകൾ ഇവിടെനിന്നപൊയതിന്റെ ശെഷം കാണ്മാനും നമ്മുടെകാൎയ്യാദികൾ ബൊധിപ്പിപ്പാനും സംഗതിവരുമൊ എന്ന വിചാരിച്ചിരിക്കുമ്പൊൾ മലയാളത്തിലെക്കതന്നെകല്പനയായിവന്നപ്രകാരം കാണുകകൊണ്ടുനമുക്ക എറ്റവും പ്രസാദമാകയും ചെയ്തു.

ഉടനെ വന്നുകാണ്മാനുള്ളതിന്ന നമുക്ക എറ്റവും താല്പൎയ്യം ഉണ്ടാകകൊണ്ടുതാമസിയാതെ വന്നുകണ്ടു വസ്തുതകളൊക്കയും ബൊധിപ്പിച്ചുകൊൾകയും ചെയ്യാം. എന്നുകൊല്ലം ൧൦൦൩ മകരമാസം ൨൮ നു എഴുതിയത.

To his royal highness the excellent lord ——— his lordship the rajah —— *sends* greeting.

I have had great pleasure in hearing read the letter, which your lordship sent to us, dated the 25th of the present month Makaram.

When your lordship formerly arrived in Malabar we had an opportunity of seeing you and communicating all our pleasures and affairs, &c. and we were much delighted that we had then a favorable answer from you.

While we were thinking that benefit would be derived to our numerous affairs by your lordship's kindness, in consequence of an order from the Madras Government, your lordship departed hence.

After which, while we were thinking whether an opportunity would offer of seeing you and making known our affairs, we were delighted to see an order for your return to Malabar.

We shall therefore, through our great desire to see you, come at once, and without delay make known all our business. Dated the 28th Makaram in the year 1003.—

FINIS.

ERRORS TO BE CORRECTED.

Preface Insert "when" before "the rulers" in last line but one.

Page 11 For ക്രിസ്തൻ read ക്രിസ്തൻ in last line but one.

13 For കല്പക്കു read കല്പകളെ in 5th line from bottom.

14 For ശത്രുക്കൾ read ശത്രുക്കൾ in 7th line from top.

28 Insert ം after വൈശ in the first line.

„ Insert 's after blacksmith in line 16 from top.

31 For "be" read "am" in line 12 from bottom.

33 For ര read റ in line 12 from top.

41 For ൻ read ൾ in line 8 from top.

44 For കാഴ്ചന read കാഴ്ചന in line 13 from top.

47 For വചനാരാ read വിചാരാ in line 11 from bottom.

48 For തള്ളിക്കളയുന്ന read തള്ളിക്കളയുന്ന in line 8 from top.

51 For ന read ന്ന in line 13 from top.

„ Insert ം after വസ്തുക്കളെ in line 7 from bottom.

53 For ശേഷ്ടം read ശേഷം in line 7 from bottom.

58 For വളരെ read വളരെ in line 3 from top.

„ Insert ം after കാട്ടി in line 12 from top.

60 For ‍ Insert ം after കന്നാലി in line 3 from bottom.

64 Erase the full stop and join the 10th and 11th lines together.

„ For ലടിച്ചാൽ read വടിച്ചാൽ in line 15 from top.

65 For മുറിച്ചുകളന്ന read മുറിച്ചുകളന്ന in line 11 from top.

„ Insert ന്ന after ഒന്നാന in line 5 from bottom.

„ For ന്നു read ന്ന in line 4 from bottom.

66 For പ്രാപിച്ചാലും read പ്രാപിച്ചാലും in line 14 from top.

67 Insert . after തരാ in line 14 from top.

68 Erase ര after രക്ഷാന്വേഷ in last line.

70 For "join" read "joined" in line 11 from top.

„ For തിന്ന read തിന്ന് in line 16 from top.

72 Insert ാ after താളു in line 15 from top.

Page 76 Insert ാ after ശ്ത്മന in line 3 from bottom.

77 For ന്യു read ന്യൂ in line 4 from top.

81 Insert ന് before ന്യ in line 4 from bottom.

83 For സവിഷ്ട്പ്യത read സവിഷ്ടിഷ്ടത in line 15 from top.

84 Transpose ഉന thus നഉ in line 10 from top.

" For ര read ർ in line 9 from bottom.

86 Transpose െര thus രെ in line 10 from top.

88 For s read ട in line 7 from top.

" Insert ൾ after തൊടങ്ങനാ in line 12 from bottom.

" Insert െ after ഉപ്വിശ in line 9 from bottom.

" Insert െ before താട in line 6 from bottom.

92 For വിനോടത്തളെം read വിനോടത്തോളം in line 9 from top.



